**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1055.** **30.01.2019 ൽ മറുപടിയ്ക്ക്**

**മദ്യത്തിന്റെ ഗുണനിലവാരവും സുരക്ഷയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മദ്യത്തെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിയന്ത്രണങ്ങൾ സംസ്ഥാനത്ത് എന്നുമുതൽ നിലവിൽ വരുമെന്ന് പറയാമോ; | (എ) | ഫുഡ് സെയ്ഫ്റ്റി ആന്റ് സ്റ്റാൻഡാർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ 05/09/2016 തീയതിയിലെ F.No.2/SA-24/2009(1)/FSSAI നോട്ടിഫിക്കേഷൻ പ്രകാരം എല്ലാ തരത്തിലുള്ള മദ്യത്തേയും ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഫുഡ് സെയ്ഫ്റ്റി ആന്റ് സ്റ്റാൻഡാർഡ് (ആൾക്കഹോളിക് ബിവറേജ്) റെഗുലേഷൻസ് 2018 പ്രകാരം 01/04/2019-ൽ പ്രാബല്യത്തിൽ വരുന്നതാണ്. |
| (ബി) | നിയമം നടപ്പാകുന്നതോടെ മദ്യത്തിന്റെ ഗുണനിലവാരവും സുരക്ഷയും സംബന്ധിച്ച പരിശോധനകൾ ഭക്ഷ്യസുരക്ഷാ വിഭാഗം ഏറ്റെടുത്ത് നടത്തുമോ; അതോടൊപ്പം മദ്യം ആരോഗ്യത്തിന് ഹാനികരം, മദ്യപിച്ച് വാഹനമോടിക്കരുത് എന്നീ സന്ദേശങ്ങൾ കുപ്പികളിൽ രേഖപ്പെടുത്തുമോ; | (ബി) | നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് എക്സൈസ് വകുപ്പ് നടത്തുന്ന പരിശോധനയ്ക്കൊപ്പം ഭക്ഷ്യ സുരക്ഷാ വകുപ്പിനും 2018-ലെ ഫുഡ് സെയ്ഫ്റ്റി ആന്റ് സ്റ്റാൻഡാർഡ് (ആൾക്കഹോളിക് ബിവറേജ്) റെഗുലേഷൻസ് 2018 അനുസരിച്ചുള്ള പരിശോധനകൾ നടത്താവുന്നതാണ്. മദ്യപാനം ആരോഗ്യത്തിന് ഹാനികരം, മദ്യപിച്ച് വാഹനമോടിക്കുന്നത് ശിക്ഷാർഹമാണ് എന്നീ സന്ദേശങ്ങൾ നിലവിൽ അബ്കാരി ചട്ടങ്ങൾ അനുസരിച്ച് രേഖപ്പെടുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിയമം നടപ്പാക്കുന്നതോടെ മറ്റെന്തൊക്കെ നിബന്ധനകൾ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ? | (സി) | നിയമം നടപ്പിൽ വരുന്നതോടെ ഇപ്പോൾ അബ്കാരി നിയമത്തിൻ കീഴിലുള്ള നിയന്ത്രണങ്ങൾക്ക് പുറമേ മദ്യത്തിന്റെ ഗുണനിലവാരം സംബന്ധിച്ചും, മദ്യക്കുപ്പികളിൽ പതിക്കുന്ന ലേബലുകളുമായി ബന്ധപ്പെട്ട് ഫുഡ് സെയ്ഫ്റ്റി ആന്റ് സ്റ്റാൻഡാർഡ് (ആൽക്കഹോളിക് ബിവറേജ്) റെഗുലേഷൻസ് 2018 പ്രകാരമുള്ള നിബന്ധനകൾ കൂടി 2019, ഏപ്രിൽ 1-ന് പ്രാബല്യത്തിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ